**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3340** **15-02-2024 - ൽ മറുപടിയ്ക്ക്**

**ഡിസൈൻസ് വിഭാഗത്തിലെ പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വടകര നിയോജക മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികളാണ് പൊതുമരാമത്ത് ഡിസൈൻസ് വിഭാഗത്തിൽ നിലവിൽ പൂർത്തിയാക്കാനുള്ളത്; ഇവ ഓരോന്നും ഡ്രോയിങ്ങും മറ്റനുബന്ധരേഖകളും തയ്യാറാക്കുന്നതിനായി ഡിസൈൻ വിഭാഗത്തിൽ ലഭിച്ച തീയതികൾ അറിയിക്കുമോ; | (എ) | 1.ഫാമിലി കോർട്ട് വടകര:- 08-08-2020-ന് ലഭിച്ച ആർക്കിടെക്ചറൽ ഡ്രോയിംഗ്സും (AR No. 111/20(D) dated 08-08-2020) 09-11-2020-ന് ലഭിച്ച സോയിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടും അനുസരിച്ച് പൈൽ ഫൗണ്ടേഷൻ ഉൾപ്പെടുത്തിക്കൊണ്ടുള്ള ടെൻഡേറ്റീവ് ഡ്രോയിംഗ് 30-11-2020-ന് ഡിസൈൻ വിഭാഗത്തിൽ നിന്നും നൽകിയിട്ടുണ്ട്. തുടർന്ന് നടത്തിയ സ്ഥലപരിശോധനയിൽ മൂന്നു വശങ്ങളിലുള്ള ബേസ്മെന്റ് വാൾ ആവശ്യമില്ല എന്ന് കണ്ടെത്തുകയും അതിനാൽ ആർക്കിടെക്ചറൽ ഡ്രോയിംഗ് റിവൈസ് ചെയ്യാൻ ആവശ്യപ്പെട്ട് 09-11-2022-ന് ഡിസൈൻ വിഭാഗത്തിൽ കത്ത് നൽകിയിട്ടുണ്ട്. തുടർന്ന് 920 ലക്ഷത്തിനുള്ള റിവൈസ്ഡ് ഭരണാനുമതി 08-02-2023-ന് നൽകി. 16-04-2023-ന് സാങ്കേതികാനുമതി നൽകി. പൈൽ ഫൗണ്ടേഷൻ മാറ്റി റാഫ്റ്റ് ഫൗണ്ടേഷൻ റെക്കമെന്റേഷൻ ഉൾപ്പെടുത്തി കൊണ്ടുള്ള കത്ത് 13-10-2023-ന് ഡിസൈൻ വിഭാഗത്തിൽ ലഭിച്ചു. റിവൈസ് ചെയ്തു കിട്ടിയ 06-01-2023-ലെ ആർക്കിടെക്ചറൽ ഡ്രോയിംഗ് പ്രകാരം റാഫ്റ്റ് ഫൗണ്ടേഷൻ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഡീറ്റെയിൽ ഫൗണ്ടേഷൻ ഡ്രോയിംഗ് സൈറ്റിൽ സെറ്റ് ഔട്ട് ചെയ്തു ഫീസിബിലിറ്റി റിപ്പോർട്ട് നൽകുന്നതിനായി 16-11-2023-ന് നൽകിയിട്ടുണ്ട്. 27-12-2023-ന് റാഫ്റ്റ് ഫൗണ്ടേഷൻ ഫീസിബിൾ ആണെന്ന് ബിൽഡിംഗ് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ഫൗണ്ടേഷൻ ഡ്രോയിംഗ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവർത്തി സമയബന്ധിതമായി തന്നെ രൂപകൽപന ചെയ്ത് നൽകുവാൻ സാധിക്കും. |

| | | | |
|---|---|---|---|
| | | | 2.വടകര നിയോജകമണ്ഡലത്തിലെ പുതുപ്പണം പ്രീ-മെട്രിക് ഹോസ്റ്റൽ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ ടെൻഡേറ്റീവ് ഡിസൈൻ പുരോഗമിച്ചു വരുന്നു.<br><br>3.വടകര നിയോജകമണ്ഡലത്തിലെ ഉരുത്തിമുക്ക് പാലത്തിന്റെ ഡിസൈൻ തയ്യാറാക്കാനുള്ള വിവരങ്ങൾ 25-11-2023-ന് ലഭിക്കുകയും ആയതിന്റെ രൂപകൽപന പുരോഗമിച്ചു വരുകയുമാണ്. സമയബന്ധിതമായി രൂപകൽപന പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | സമൂഹത്തിൽ ഏറ്റവും പരിഗണന അർഹിക്കുന്ന വിഭാഗമായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പ്രീമെട്രിക് ഹോസ്റ്റൽ കെട്ടിട നിർമ്മാണം ഉൾപ്പെടെയുള്ള പ്രവൃത്തികൾ ഫണ്ട് അനുവദിക്കപ്പെട്ടിട്ടും ഡിസൈൻ വിഭാഗത്തിൽനിന്ന് ഡ്രോയിങ്ങുകളും മറ്റ് രേഖകളും ലഭിക്കാത്തതുമൂലം മുടങ്ങിക്കിടക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | 1.ഫാമിലി കോർട്ട് വടകര:- 08-08-2020-ന് ലഭിച്ച ആർക്കിടെക്ചറൽ ഡ്രോയിംഗ്സും (AR No. 111/20(D) dated 08-08-2020) 09-11-2020-ന് ലഭിച്ച സോയിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടും അനുസരിച്ച് പൈൽ ഫൗണ്ടേഷൻ ഉൾപ്പെടുത്തിക്കൊണ്ടുള്ള ടെൻഡേറ്റീവ് ഡ്രോയിംഗ് 30-11-2020-ന് ഡിസൈൻ വിഭാഗത്തിൽ നിന്നും നൽകിയിട്ടുണ്ട്. തുടർന്ന് നടത്തിയ സ്ഥലപരിശോധനയിൽ മൂന്നു വശങ്ങളിലുള്ള ബേസ്മെന്റ് വാൾ ആവശ്യമില്ല എന്ന് കണ്ടെത്തുകയും അതിനാൽ ആർക്കിടെക്ചറൽ ഡ്രോയിംഗ് റിവൈസ് ചെയ്യാൻ ആവശ്യപ്പെട്ട് 09-11-2022-ന് ഡിസൈൻ വിഭാഗത്തിൽ കത്ത് നൽകിയിട്ടുണ്ട്. തുടർന്ന് 920 ലക്ഷത്തിനുള്ള റിവൈസ്ഡ് ഭരണാനുമതി 08-02-2023-ന് നൽകി. 16-04-2023-ന് സാങ്കേതികാനുമതി നൽകി. പൈൽ ഫൗണ്ടേഷൻ മാറ്റി റാഫ്റ്റ് ഫൗണ്ടേഷൻ റെക്കമെന്റേഷൻ ഉൾപ്പെടുത്തി കൊണ്ടുള്ള കത്ത് 13-10-2023-ന് ഡിസൈൻ വിഭാഗത്തിൽ ലഭിച്ചു. റിവൈസ് ചെയ്തു കിട്ടിയ 06-01-2023-ലെ ആർക്കിടെക്ചറൽ ഡ്രോയിംഗ് പ്രകാരം റാഫ്റ്റ് ഫൗണ്ടേഷൻ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഡീറ്റെയിൽ ഫൗണ്ടേഷൻ ഡ്രോയിംഗ് സൈറ്റിൽ സെറ്റ് ഔട്ട് ചെയ്തു ഫീസിബിലിറ്റി റിപ്പോർട്ട് നൽകുന്നതിനായി 16-11-2023-ന് നൽകിയിട്ടുണ്ട്. 27-12-2023-ന് റാഫ്റ്റ് ഫൗണ്ടേഷൻ ഫീസിബിൾ ആണെന്ന് ബിൽഡിംഗ് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ഫൗണ്ടേഷൻ ഡ്രോയിംഗ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവർത്തി സമയബന്ധിതമായി തന്നെ രൂപകൽപന ചെയ്ത് നൽകുവാൻ സാധിക്കും.<br><br>2.വടകര നിയോജകമണ്ഡലത്തിലെ പുതുപ്പണം പ്രീ-മെട്രിക് ഹോസ്റ്റൽ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ ടെൻഡേറ്റീവ് ഡിസൈൻ പുരോഗമിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | 3.വടകര നിയോജകമണ്ഡലത്തിലെ ഇരുത്തിമുക്ക് പാലത്തിന്റെ ഡിസൈൻ തയ്യാറാക്കാനുള്ള വിവരങ്ങൾ 25-11-2023-ന് ലഭിക്കുകയും ആയതിന്റെ രൂപകൽപന പുരോഗമിച്ചു വരുകയുമാണ്. സമയബന്ധിതമായി രൂപകൽപന പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | ഡിസൈൻ വിഭാഗത്തിൽ ഈ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് കാലതാമസം ഉണ്ടായതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (സി) | 1.ഫാമിലി കോർട്ട് വടകര:- 08-08-2020-ന് ലഭിച്ച ആർക്കിടെക്ചറൽ ഡ്രോയിംഗ്സും (AR No. 111/20(D) dated 08-08-2020) 09-11-2020-ന് ലഭിച്ച സോയിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടും അനുസരിച്ച് പൈൽ ഫൗണ്ടേഷൻ ഉൾപ്പെടുത്തിക്കൊണ്ടുള്ള ടെൻഡേറ്റീവ് ഡ്രോയിംഗ് 30-11-2020-ന് ഡിസൈൻ വിഭാഗത്തിൽ നിന്നും നൽകിയിട്ടുണ്ട്. തുടർന്ന് നടത്തിയ സ്ഥലപരിശോധനയിൽ മൂന്നു വശങ്ങളിലുള്ള ബേസ്മെന്റ് വാൾ ആവശ്യമില്ല എന്ന് കണ്ടെത്തുകയും അതിനാൽ ആർക്കിടെക്ചറൽ ഡ്രോയിംഗ് റിവൈസ് ചെയ്യാൻ ആവശ്യപ്പെട്ട് 09-11-2022-ന് ഡിസൈൻ വിഭാഗത്തിൽ കത്ത് നൽകിയിട്ടുണ്ട്. തുടർന്ന് 920 ലക്ഷത്തിനുള്ള റിവൈസ്ഡ് ഭരണാനുമതി 08-02-2023-ന് നൽകി. 16-04-2023-ന് സാങ്കേതികാനുമതി നൽകി. പൈൽ ഫൗണ്ടേഷൻ മാറ്റി റാഫ്റ്റ് ഫൗണ്ടേഷൻ റെക്കമെന്റേഷൻ ഉൾപ്പെടുത്തി കൊണ്ടുള്ള കത്ത് 13-10-2023-ന് ഡിസൈൻ വിഭാഗത്തിൽ ലഭിച്ചു. റിവൈസ് ചെയ്തു കിട്ടിയ 06-01-2023-ലെ ആർക്കിടെക്ചറൽ ഡ്രോയിംഗ് പ്രകാരം റാഫ്റ്റ് ഫൗണ്ടേഷൻ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഡീറ്റെയിൽ ഫൗണ്ടേഷൻ ഡ്രോയിംഗ് സൈറ്റിൽ സെറ്റ് ഔട്ട് ചെയ്തു ഫീസിബിലിറ്റി റിപ്പോർട്ട് നൽകുന്നതിനായി 16-11-2023-ന് നൽകിയിട്ടുണ്ട്. 27-12-2023-ന് റാഫ്റ്റ് ഫൗണ്ടേഷൻ ഫീസിബിൾ ആണെന്ന് ബിൽഡിംഗ് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ഫൗണ്ടേഷൻ ഡ്രോയിംഗ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവർത്തി സമയബന്ധിതമായി തന്നെ രൂപകൽപന ചെയ്ത് നൽകുവാൻ സാധിക്കും.<br><br>2.വടകര നിയോജകമണ്ഡലത്തിലെ പുതുപ്പണം പ്രീ-മെട്രിക് ഹോസ്റ്റൽ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ ടെൻഡേറ്റീവ് ഡിസൈൻ പുരോഗമിച്ചു വരുന്നു.<br><br>3.വടകര നിയോജകമണ്ഡലത്തിലെ ഇരുത്തിമുക്ക് പാലത്തിന്റെ ഡിസൈൻ തയ്യാറാക്കാനുള്ള വിവരങ്ങൾ 25-11-2023-ന് ലഭിക്കുകയും |

| | | | |
|---|---|---|---|
| | | | ആയതിന്റെ രൂപകൽപന പുരോഗമിച്ചു വരുകയുമാണ്. സമയബന്ധിതമായി രൂപകൽപന പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | പെൻഡിങ് ആയുള്ള പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കി ലഭ്യമാക്കാൻ കഴിയും എന്നാണ് കരുതുന്നത്; ഓരോ പ്രവൃത്തിയും പൂർത്തിയാക്കി ലഭ്യമാക്കാൻ കഴിയുന്ന തീയതി അറിയിക്കുമോ; | (ഡി) | പെൻഡിംഗ് ആയിട്ടുള്ള പ്രവൃത്തികളുടെ രൂപകല്പന സമയബന്ധിതമായി തന്നെ പൂർത്തിയാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഇ) | ഡിസൈൻ വിഭാഗത്തിന് കീഴിൽ പ്രത്യേകിച്ച് കോഴിക്കോട് ജില്ലയിൽ ആവശ്യത്തിന് സ്റ്റാഫുകൾ ഇല്ലാത്തതാണോ ഡ്രോയിങ് ഉൾപ്പെടെയുള്ള പ്രവൃത്തികൾ യഥാസമയം പൂർത്തിയാക്കാൻ കഴിയാത്തതിനു കാരണം; | (ഇ) | ഡിസൈൻ വിഭാഗത്തിന് കീഴിലെ കോഴിക്കോട് ജില്ലയിൽ നിലവിലെ സ്റ്റാഫ് പാറ്റേൺ ഉപയോഗപ്പെടുത്തി ഡിസൈൻ പ്രവൃത്തികൾ പരമാവധി കാലതാമസം കൂടാതെ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (എഫ്) | എങ്കിൽ ഡിസൈൻ വിഭാഗത്തിൽ ആവശ്യത്തിന് ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനും പെൻഡിങ് പ്രവൃത്തികൾ എത്രയും വേഗം പൂർത്തിയാക്കി ലഭ്യമാക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (എഫ്) | ഡിസൈൻ പ്രവൃത്തികൾ പരമാവധി കാലതാമസം ഒഴിവാക്കി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ